**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 385** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക വിഭാഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. രാജ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടിക വിഭാഗങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനായി കഴിഞ്ഞ സർക്കാരും ഈ സർക്കാരും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഈ ഇടപെടലുകൾ എത്രത്തോളം ഫലപ്രാപ്തിയിലെത്തിക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ; | (എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നതിന് മുൻ സർക്കാരും ഈ സർക്കാരും കാര്യക്ഷമമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനാവകാശ നിയമം, നിക്ഷിപ്തവനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം, ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി (ലാന്റ് ബാങ്ക്) എന്നീ വിവിധ പദ്ധതികൾ മുഖേന 5,011 ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 4,146.51 ഏക്കർ ഭൂമി അനുവദിച്ചിരുന്നു. ഈ സർക്കാരിന്റെ കാലത്ത് വനാവകാശ നിയമ പ്രകാരം 114 പേർക്ക് 56.27 ഏക്കർ ഭൂമിയ്ക്ക് കൈവശാവകാശ രേഖയും, ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 68 പേർക്ക് 9.17 ഏക്കർ ഭൂമിയുടെ പട്ടയവും നൽകിയിട്ടുണ്ട്. ലാന്റ് ബാങ്ക് വഴി 19.86 ഏക്കർ ഭൂമി വാങ്ങുന്നതിനായി 8,41,26,831/- രൂപ കോഴിക്കോട്, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. ഭൂമി വാങ്ങി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മുൻ സർക്കാരിന്റെ കാലത്ത് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബഹു. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി, ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രി എന്നിവരുടെ നേതൃത്വത്തിലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും വനം വകുപ്പിന്റെയും സംയുക്ത യോഗം ചേർന്ന് വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി എന്നീ വിഷയങ്ങൾ ചർച്ച ചെയ്ത് പുരോഗതി വിലയിരുത്തുകയുണ്ടായി. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം പട്ടികവർഗ്ഗക്കാരുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി |

| | | | |
|---|---|---|---|
| | | | ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായി സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | പട്ടിക ഗോത്രവിഭാഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി 2016 മുതൽ ട്രൈബൽ റീസെറ്റിൽമെന്റ് ആന്റ് ഡവലപ്മെന്റ് മിഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. 2016 മുതൽ നാളിതുവരെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 5,193 പേർക്ക് വിവിധ പദ്ധതികളിലായി 4,211.95 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു. 2016 മുതൽ നാളിതുവരെയായി റ്റി.ആർ.ഡി.എം. മുഖേന അനുവദിച്ച 1,925 വീടുകളിൽ 1,444 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും ആയതിൽ 507 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിച്ച കുടുംബങ്ങൾക്ക് മറ്റ് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനും പുനരധിവസിപ്പിച്ചവർക്ക് സ്വയം തൊഴിൽ പദ്ധതികളും, കാർഷിക വികസന പദ്ധതികളും നടപ്പിലാക്കുന്നതിനും, പുനരധിവാസ മേഖലകളിലേയ്ക്ക് റോഡ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും റ്റി.ആർ.ഡി.എം. മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യ സുരക്ഷ പദ്ധതികളെ ഏകോപിപ്പിക്കുന്നതിനായി റ്റി.ആർ.ഡി.എം. മാതൃകയിൽ ഒരു മിഷൻ വിഭാവനം ചെയ്യുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | നിലവിൽ അത്തരത്തിലൊരു പരിശോധന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പട്ടികജാതി വികസന വകുപ്പ്

### അനുബന്ധം - I

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2016-17 | 4468 | 17590.75 | 17564.65 |
| 2017-18 | 4600 | 18000 | 17950.51 |
| 2018-19 | 3887 | 22500 | 15555.15 |
| 2019-20 | 4225 | 18500 | 14470.31 |
| 2020-21 | 3507 | 18500 | 14079.28 |

സെക്ഷൻ ഓഫീസർ

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

**അനുബന്ധം – II**

**കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചുവടെ ചേർക്കും പ്രകാരം ഭൂമി വിതരണം ചെയ്തിട്ടുണ്ട്.**

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) |
|---|---|---|
| വനാവകാശ നിയമം | 1564 | 2063.574 |
| ഭൂമി വാങ്ങി നൽകിയത് | 274 | 149.04 |
| ലാന്റ് ബാങ്ക് സ്കീം | 108 | 15.71 |
| നിക്ഷിപ്ത വനഭൂമി വിതരണം | 2708 | 1870.41 |
| റവന്യൂ ഭൂമി വിതരണം | 186 | 27.3 |
| വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന കുടുംബങ്ങൾക്ക് വാങ്ങി നൽകിയ ഭൂമി | 171 | 20.47 |
| **ആകെ** | **5011** | **4146.504** |

**വനാവകാശ നിയമം**

| ജില്ല | നൽകിയ റൈറ്റിലുകൾ | വിസ്തൃതി |
|---|---|---|
| തിരുവനന്തപുരം | 21 | 49.01 |
| പത്തനംതിട്ട | 96 | 60.10 |
| കോട്ടയം | 24 | 21.94 |
| ഇടുക്കി | 685 | 914.98 |
| എറണാകുളം | 224 | 339.28 |
| തൃശ്ശൂർ | 13 | 53.89 |
| പാലക്കാട് | 262 | 499.454 |
| വയനാട് | 239 | 124.92 |
| **ആകെ** | **1564** | **2063.574** |

## ഭൂമി വാങ്ങി നൽകിയത്

| ക്രമ നം. | ജില്ലയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | വാങ്ങി നൽകിയ ഭൂമിയുടെ അളവ് (ഏക്കറിൽ |
|---|---|---|---|
| 1 | ആലപ്പുഴ | 1 | 2.87 |
| 2 | പത്തനംതിട്ട | 28 | 7.14 |
| 3 | കോട്ടയം | 36 | 9.25 |
| 4 | ഇടുക്കി | 9 | 7.92 |
| 5 | എറണാകുളം | 11 | 2.34 |
| 6 | തൃശ്ശൂർ | 5 | 1 |
| 7 | പാലക്കാട് | 26 | 6.58 |
| 8 | വയനാട്-കൽപ്പറ്റ | 7 | 2.51 |
| 9 | മാനന്തവാടി | 7 | 2.79 |
| 10 | കാസർഗോഡ് | 144 | 106.64 |
| **ആകെ** | | **274** | **149.04** |

## ലാന്റ് ബാങ്ക് പദ്ധതി

| ക്രമ നം. | ജില്ലയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | വാങ്ങി നൽകിയ ഭൂമിയുടെ അളവ് (ഏക്കറിൽ) |
|---|---|---|---|
| 1 | പാലക്കാട് | 15 | 3.39 |
| 2 | മലപ്പുറം | 34 | 5.27 |
| 3 | കോഴിക്കോട് | 1 | 0.28 |
| 4 | വയനാട് | 58 | 6.76 |
| **ആകെ** | | **108** | **15.7** |

## നിക്ഷിപ്ത വനഭൂമി വിതരണം

| ക്രമ നം. | ജില്ല | | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) |
|---|---|---|---|---|
| 1 | കാസർഗോഡ് (2017-18) | | 150 | 75 |
| 2 | അട്ടപ്പാടി | 2017-18 | 517 | 483 |
| | | 2018-19 | 222 | 168.56 |
| | | 2019-20 | 425 | 337.90 |
| | | 2020-21 | 295 | 169 |
| 3 | പാലക്കാട് | നെല്ലിയാമ്പതി ഓറഞ്ച് ഫാം വക ഭൂമി (2018-19) | 104 | 104 |
| | | WP(C)25215/10 കേസിൽ ഉൾപ്പെട്ടവർക്ക് തത്തേങ്ങലത്ത് ഭൂമി നൽകിയത് (2018-19) | 141 | 141 |
| | | 2020-21 | 141 | 68.76 |
| 4 | മലപ്പുറം (2018-19) | | 34 | 25 |
| 5 | വയനാട് (2020) | | 454 | 73.19 |
| 6 | വയനാട് ജില്ല-മുത്തങ്ങ ഭൂസമരത്തിൽ പങ്കെടുത്തവർക്കുള്ള ഭൂമി വിതരണം (2016-17 മുതൽ 2018-19 വരെ) | | 225 | 225 |
| **ആകെ** | | | **2708** | **1870.41** |

## റവന്യൂ ഭൂമി

| ക്രമ നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) |
|---|---|---|---|
| 1 | എറണാകുളം (റവന്യൂ വകുപ്പ് മുഖേന പട്ടയം നൽകിയത്) | 99 | 9.9 |
| 2 | പാലക്കാട് (വല്ലങ്കി വില്ലേജിൽ ജലസേചന വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി | 87 | 17.40 |
| **ആകെ** | | **186** | **27.3** |

## ഈ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്ത ഭൂമിയുടെ വിവരങ്ങൾ

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കറിൽ) |
|---|---|---|
| വനാവകാശ നിയമം | 114 | 56.27 |
| ലാന്റ് ബാങ്ക് പദ്ധതി | 68 | 9.17 |
| **ആകെ** | **182** | **65.44** |

## വനാവകാശ നിയമം

| ജില്ല | നൽകിയ ടൈറ്റിലുകൾ | വിസ്തൃതി (ഏക്കറിൽ) |
|---|---|---|
| വയനാട് | 40 | 8.84 |
| ഇടുക്കി | 74. | 47.43 |
| **ആകെ** | **114** | **56.27** |

## ലാന്റ് ബാങ്ക് പദ്ധതി

| ക്രമ നം. | ജില്ലയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | വാങ്ങി നൽകിയ ഭൂമിയുടെ അളവ് (ഏക്കറിൽ) |
|---|---|---|---|
| 1 | വയനാട് | 53 | 5.30 |
| 2 | പാലക്കാട് | 15 | 3.87 |
| | **ആകെ** | **68** | **9.17** |